MR. K. K. CHELLAPPAN PILLAI (*Ma elikara II—General*) : എക്സ് സർവ സുകാക്ക് ഇത്ര ശതമാനം ഉദ്യോഗം നൽകണമെന്നുള്ള രൂപം ഇവിടെ ഉണ്ടോ?

HON'BLE MR. N. KUNJURAMAN : അതനുസരിച്ചാണ് ചെയ്യുവരുന്നത്.

MR. K. RAMACHANDRAN : എക്സ സർവീസുകാരെ സംബന്ധിച്ചിടത്തോളം സെൻട്രൽ ഗവണ്മെൻറിന് ഒരു പ്രത്യേക സ്കീം ഉള്ളതായി ഗവണ്മെൻറിനറിയാമോ?

HON'BLE MR. N. KUNJURAMAN : അറിയാം. അതേപ്പറ്റി അറിയാം.

MR. K. RAMACHANDRAN : അതനുസരിച്ച് ഈ ഗവണ്മെൻറും പ്രവത്തിക്കുന്നതാണോ?

HON'BLE MR. N. KUNJURAMAN : അതേപ്പറ്റി ആലോചിച്ചു വരികയാണ്.

MR. K. A. MATHEW : അതിനു നിയുക്തനായ ഉദ്യോഗസ്ഥനെപ്പറ്റി പരാതികൾ ലഭിച്ചിട്ടുണ്ടോ ?

HON'BLE MR. N. KUNJURAMAN : ഇല്ല.

MR. K. A. MATHEW: പരാതികൾ ഇല്ലെങ്കിലും അതുപ്പറ്റിയുള്ളതായി ഗവണ്മെൻറിനറിയാമോ ?

HON'BLE MR. N. KUNJURAMAN : പരാതി കിട്ടാത്ത സ്ഥിതിക്ക് അങ്ങനെ പറയുന്നത് ശരിയല്ല.

ഇട്ടിക്കിപദ്ധതി.

*603. MR. KRISHNAN AIYYAPPEN (*Shertala III—General*) : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി വകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

ഇട്ടിക്കിപദ്ധതി സംബന്ധിച്ച് ഗവണ്മെൻറ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതിൻറെ സ്വഭാവം, ഫലം, പ്രവർത്തനം മുതലായവ എങ്ങിനെയിരിക്കുന്നുവെന്നും പ്രസ്താവിക്കുന്നതിനു മയവുണ്ടാകുമോ ?

HON'BLE MR. K. R. ELANKATH : ഗവണ്മെൻറ് ചില അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്. അതിൻറെ ഫലമായി ഇട്ടിക്കിപദ്ധതിയിൽനിന്നും 2 ലക്ഷം കിലോവാട്ട് സ് കിട്ടാൻ സാധിക്കും. അതിൻറെ ചിലവ് ഇരുപത്തിയേഴുകോടി രൂപാ (27 കോടി) ആകും എന്നു മനസ്സിലാക്കിയിട്ടുണ്ട്".

LIBRARY ARCHIVES Kerala Legislative Assembly

MR. N. P. VARGHESE *(Muvattupuzha I—General)* : പള്ളിവാസൽ പദ്ധതിയിൽ നിന്നും എത്ര കിലോവാട്ട്സ് കിട്ടുന്നുണ്ട് ?

HON'BLE MR. K. R. ELANKATH : ൫൦,൦൦൦ കിലോവാട്ട്സ്.

MR. N. P. VARGHESE : മാട്ടുപ്പെട്ടി, ചെംകുളം, ഈ പദ്ധതികളിൽ നിന്നും എത്ര കിലോവാട്ട്സ് ആണ് കിട്ടിക്കൊണ്ടിരിക്കുന്നത് ?

HON'BLE MR. K. R. ELANKATH : ൬൫൦൦൦ കിലോവാട്ട്സ്.

MR. N. P. VARGHESE : തുടങ്ങിയിട്ടുള്ള പദ്ധതികൾ പൂർത്തിയാക്കാതെ മറ്റു പദ്ധതികൾ സ്വീകരിക്കുന്നത് ശരിയാണോ ?

HON'BLE MR. K. R. ELANKATH : ക്ലേടുതലായി ചെംകുളം പദ്ധതിയാണ് തുടങ്ങിയിട്ടുള്ളത്. അതു ഫൻ ഫ്രൽ പൂർത്തിയാക്കുമെന്ന് ഉദ്ദേശിക്കുന്നു.

MR. THARIATHU KUNJITHOMMAN : അത് പൂർത്തിയാക്കാൻ എത്ര രൂപവാകും ?

HON'BLE MR. K. R. ELANKATH: അതിനെക്കുറിച്ച് ശരിയായി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. ABDUL AZIZ : ഈ പദ്ധതികൾക്ക് ഇൻഡ്യാഗവണ്മെൻറിൽ നിന്നും എന്തെങ്കിലും ധനസഹായം ലഭിക്കുന്നുണ്ടോ ?

HON'BLE MR. K. R. ELANKATH: ഉണ്ട്.

Recent visit of Hon'ble Labour Minister to the Perunchani Reserve.

* 619. MR. A. CHIDAMBARANATHA NADAR : *(Kalkulam II—Hindu Nadar Reserved)*:

கீழ்காணும் வினாக்களுக்கு கனம் தொழில் மந்திரி விடை தருவார்களா ?

(1) கனம் தொழில் மந்திரி பெருஞ்சாணிக்கு விஜயம் செய்தது உண்டா ?

(2) யாருடைய வேண்டுகோளுக்கிணங்க ?

(3) அப்போது, மந்திரி, ஆணைகளால் அழிக்கப்பட்ட கிருஷிகளை பார்த்ததுண்டா ?

(4) அந்த சந்தர்ப்பத்தில் மாஜி ராஜவத்தார் செய்த விண்ணப்பமென்ன ?

HON'BLE MR. N. KUNJURAMAN : (എ) ഉണ്ട്.

(ബി) സൊസൈറ്റിയുടെ അപേക്ഷപ്രകാരം ആണ്.

(സി) ആനകളുടെ കാൽപാടുകൾ കണ്ടിട്ടുണ്ട്.

(ഡി) (i) പി. ഡബ്ളിയു. ഡി. അധികാരികൾ പ്രവേശിച്ച സ്ഥലം കാട് വെട്ടിതെളിച്ചതിന് ഏക്കറിന് ൫൦൦ രൂപാ വീതം;

(ii) ആനകളുടെ ശല്യം തടയാൻ നാലുവശത്തും മുള്ളുകമ്പി ഇടുക;

LIBRARY ARCHIVES Kerala Legislative Assembly